**എ. എം. അബ്ദുള്ളക്ക് പോലീസ് സംരക്ഷണം നൽകുന്നതിനുള്ള നടപടി**

**46 (1515)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന എ. എം. അബ്ദുള്ള എന്നയാൾ ജീവന് ഭീഷണിയുണ്ടെന്നും, പോലീസ് സംരക്ഷണം നല്കണമെന്നും ആവശ്യപ്പെട്ട് പരാതി നല്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) എ. എം. അബ്ദുള്ളയുടെ പരാതിയിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും, പരാതിക്കാരന് ആവശ്യമായ പോലീസ് സംരക്ഷണം നല്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രീ. എ. എം. അബ്ദുള്ള, റഹ്മത്ത് മൻസിൽ, കെ. പുരം, താനൂർ എന്നയാൾ തന്റെ മൊബൈൽ ഫോണിലേക്ക് 9790862261, 8428353649 എന്നീ നമ്പരുകളിൽ നിന്നും ആരോ വിളിച്ച് ഭീഷണിപ്പെടുത്തുന്നു എന്നുള്ള കാര്യത്തിന് പരാതി നൽകിയിട്ടുണ്ട്.

(ബി) ക്രൈം കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. താനൂർ സി. ഐ. ടി. പരാതി 140/SOP/MW/2010 നമ്പർ ആയി രജിസ്റ്ററിൽ ചേർത്ത് പരാതിയിൽ പറഞ്ഞിരിക്കുന്ന ഫോൺ നമ്പരുകളുടെ ഐ. ഡി. ലഭിക്കുന്നതിനായി സൈബർ സെല്ലിന്റെ സഹായത്തോടെ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത 2 ഫോൺ നമ്പറുകളും ചെന്നൈ വിലാസത്തിലുള്ള രമേശ്, മോഹനൻ എന്നീ 2 പേരുടെ പേരിലുള്ളതാണെന്ന് അറിവായിട്ടുള്ളതാണ്. കൂടുതൽ അന്വേഷണം നടത്തി വരികയാണ്.

(സി) കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. പോലീസ് സംരക്ഷണം ആവശ്യമാണെന്നുള്ള പരാതി ലഭിച്ചാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

**വ്യാജ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നിർമ്മിച്ചത് സംബന്ധിച്ച് പരാതി**

**47 (1516)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നിർമ്മിച്ചത് സംബന്ധിച്ച് ശ്രീ. മുഹമ്മദ് ഹനീഫ പാലാട്ട് പരാതിക്കാരനായി തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സമർപ്പിച്ച 2010-ലെ സി. എം. പി. 182-ാം നമ്പർ കേസ്സിൽ പരാതി സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly